# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1664 — 14.12.2012-ലെ മറുപടിക്ക്

## 2012-2013 സാമ്പത്തിക വർഷത്തെ പദ്ധതിതുകയുടെ വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബാബു എം.പാലിശ്ശേരി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് പഞ്ചായത്തുകളിൽ നടപ്പു സാമ്പത്തിക വർഷം പദ്ധതി തുകയുടെ എത്ര ശതമാനം ഇതു വരെ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) | സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തുകളിൽ അഞ്ചു ശതമാനവും ബ്ലോക്ക് പഞ്ചായത്തിൽ അഞ്ചു ശതമാനവും ജില്ലാ പഞ്ചായത്തിൽ പന്ത്രണ്ട് ശതമാനം എന്നിങ്ങനെ പദ്ധതി തുക ചിലവഴിച്ചിട്ടുണ്ട്. |
| ബി) | പദ്ധതി തുക വിനിയോഗത്തിൽ കുറവു സംഭവിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | ബി) | നടപ്പുവർഷം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായതിനാൽ പദ്ധതി ആസൂത്രണ നിർവഹണ മാർഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തി പദ്ധതികൾ നിർവഹണ സജ്ജമാകാൻ സാമ്പത്തികവർഷം പകുതി കഴിഞ്ഞു മാത്രമേ സാധിച്ചിട്ടുള്ളൂ എന്നതാണ് പൊതുവായ പ്രധാന കാരണം. |
| സി) | പദ്ധതി തുക മുഴുവൻ ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ; | സി) | പരമാവധി പദ്ധതി തുക വിനിയോഗത്തിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിച്ചുവരുന്നു. ഇതിനാവശ്യമായ അംഗീകാരം നൽകൽ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ